## 8. മൂന്നാം ക്ലാസ്

പ്രിയ വായനക്കാരാ,

ഇതൊരു കഥയല്ല. ഒരു നല്ല സുഹൃത്തിന്റെ ഉപദേശം മാത്രം. യാത്ര പറയുന്നതിനു മുമ്പ് ക്ഷമയോടെ എന്റെ കഥകൾ കേട്ടിരുന്നതിന്റെ നന്ദിയായി ഉപകാരപ്രദമായതെന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് യാത്രയും കച്ചവടവും തൊഴിലായ ഈയുള്ളവന്റെ പ്രായോഗിക ബുദ്ധിയിൽ തോന്നുന്ന ചിലതു പറയാം. ശ്രദ്ധിച്ചു കേൾക്കുക. ഓർത്തിരുന്നാൽ നന്ന്.

എന്നെങ്കിലും ഒരു ദൂരയാത്രയ്ക്കൊരുങ്ങുമ്പോൾ യാത്ര ചെയ്യുന്നുവെന്ന് തോന്നണമെങ്കിൽ, യാത്ര സന്തോഷപ്രദമാകണമെങ്കിൽ, ഒരു കാരണവശാലും ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ യാത്ര ചെയ്യരുത്!

ഒന്നാം ക്ലാസ്സ് യാത്രയെപ്പറ്റി കാര്യമായൊന്നും പറയാനില്ല. ദൈവം കാക്കട്ടെ! സുഖസൗകര്യങ്ങളെക്കുറിച്ചല്ല ഉദ്ദേശിക്കുന്നത്. അതു വേണ്ടുവോളമുണ്ട്. ഇരിപ്പിടം മയമുള്ളതാണ്. ആവശ്യത്തിന് വലിപ്പവുമുണ്ട്. മറ്റു സൗകര്യങ്ങളുമൊക്കെ നല്ലത്. അത്രയും ഞാനും സമ്മതിക്കുന്നു. പക്ഷേ, പറഞ്ഞുവരുന്നത് നിങ്ങൾക്ക് കിട്ടാനിടയുള്ള സഹയാത്രികരെക്കുറിച്ചാണ്. ഒന്നാം ക്ലാസ്സ് മിക്കവാറും ശൂന്യമായിരിക്കും. മിണ്ടാനും പറയാനും ആരുമില്ലാതെ യാത്ര ചെയ്യുന്നതിൽ എന്തു രസം? യാത്ര കഴിയുമ്പോൾ, സംസാരിക്കുന്നതെങ്ങനെയെന്നുപോലും മറന്നു പോകാനിടയുണ്ട്. പിന്നെ, ഭാഗ്യമുണ്ടെങ്കിൽ അമ്പതു വർഷത്തിലൊരിക്കലെങ്ങാനും മറ്റൊരു യാത്രക്കാരനെ കണ്ടുമുട്ടിയെന്നു വരാം. അയാൾ കുഴലൂത്തുകാരന്റേതുപോലെ വീർത്ത കവിളുള്ള ഒരു തടിയനോ, നിങ്ങളുടെ അമ്മായിയമ്മയെ ഓർമ്മിപ്പിക്കുന്ന ധിക്കാരിയായ ഒരു സ്ത്രീയോ, അതുമല്ലെങ്കിൽ കളങ്ങളുള്ള പാന്റിസിട്ട ഒരു പരദേശിയോ (തീവണ്ടിയുടെ ജനാലയിൽ ഒട്ടിച്ചുവെച്ചതുപോലെ മുഖം ചേർത്തിരിക്കുന്ന ഇയാളെ കമ്പാർട്ടുമെന്റിനു തീപിടിപ്പിച്ചാൽ പോലും പിടിച്ചുമാറ്റാൻ പ്രയാസമായിരിക്കും.) ആവാം. ഇത്തരം ആളുകളോടൊപ്പം യാത്ര ചെയ്യേണ്ടിവരുമ്പോൾ എല്ലാത്തരം വിഷാദചിന്തകളും മനസ്സിലേക്കു ഇരച്ചുകയറും. ഏറെത്താമസിയാതെ, ഇഷ്ടമില്ലെങ്കിൽ പോലും, മരണത്തെക്കുറിച്ച് ചിന്തിച്ചു പോകും. ഇതിന്റെ വല്ല കാര്യവുമുണ്ടോ?

രണ്ടാം ക്ലാസ്സ് ഇതിലും ഭേദമാകുമെന്നാണോ വിചാരം? ഇവിടെ നമുക്ക് ചുറ്റും ആളുണ്ടാകുമെന്നത് വാസ്തവം. അവർ നമ്മെപ്പോലെ തോന്നുന്ന, നമ്മുടെ അതേ വിചാരങ്ങളും വികാരങ്ങളുമുള്ളവരായിരിക്കും. അവർക്ക് നമ്മോടു സംസാരിക്കണമെന്നും കാണും. നമ്മളാരാണെന്നറിയാതെ അവർക്ക് ഇരിക്കപ്പൊറുതിയില്ലായിരിക്കും. നമ്മൾ എവിടത്തുകാരാണെന്നും എന്തിന്, എങ്ങോട്ട് പോകുന്നെന്നുമൊക്കെ അവർക്കറിയണം. പക്ഷേ കണ്ണാടിക്കൂട്ടിലിരിക്കുന്ന ബൊമ്മകളെപ്പോലെ അവർ നേരെ നോക്കിയിരിക്കും. വായിൽ വെള്ളം നിറച്ചിരിക്കുന്നതുകൊണ്ട് തുറക്കാൻ പറ്റില്ലെന്ന മട്ടിൽ ഒരൊറ്റ വാക്ക് അവർ ഉരിയാടില്ല.

ഇടനാഴിക്കപ്പുറത്ത് മോടിയായി വസ്ത്രം ധരിച്ച, നീണ്ട നഖം മിനുക്കിയ, മീശയുമുള്ള, ചിരപരിചിതനെന്നു തോന്നുന്ന ഒരാൾ ഇരിക്കുന്നുണ്ടാകും. എവിടെയോ നിങ്ങൾ ഇയാളെ കണ്ടിട്ടുണ്ട്. എവിടെയെന്ന് ഓർമ്മയില്ല. ഒരു പക്ഷേ ബന്ധുവാകും. എങ്ങോ കണ്ട നല്ല പരിചയമുണ്ട്. അയാളുടെ വല്യപ്പൻ ഒരു പ്രഭുവായിരിക്കാം. പള്ളിയിലെ കപ്യാരുടെ സഹായിയാകാനും മതി. പക്ഷേ ഒരക്ഷരം മിണ്ടില്ലെന്നു വെച്ചാൽ എന്തു ചെയ്യാൻ കഴിയും? അങ്ങനെ മീശയും തടവി ജനലിലൂടെ നോക്കിയിരുന്നു ചൂളമടിക്കും.

ഇത്തരക്കാരെ ദേഷ്യം പിടിപ്പിക്കണമെങ്കിൽ, ഉയിർത്തെഴുന്നേല്പിനു പോലും എണീറ്റു വരാത്ത വിധം കുഴിച്ചുമൂടണമെങ്കിൽ, ഒരൊറ്റ മാർഗ്ഗമേയുള്ളൂ: തീവണ്ടിയിലുള്ള ആളുകളെല്ലാം, പ്രത്യേകിച്ച് സ്ത്രീകൾ, കേൾക്കുന്ന വിധത്തിൽ അവരോട് ശുദ്ധമായ റഷ്യൻഭാഷയിൽ സംസാരിക്കുക. “എവിടെയോവെച്ച് നിങ്ങളെ കണ്ടിട്ടുണ്ടോ എന്നൊരു സംശയം, വെർഡിക്കോയിൽ വെച്ചല്ലേ?” – അവന്റെ വല്യപ്പന്റെ ശവകുടീരത്തിൽ തുപ്പിയതിനേക്കാൾ ആയിരം മടങ്ങു കടുത്ത പരിഹാസമാകുമത്. ഇത് സഹിക്കാൻ ഒരിക്കലും അയാൾക്കാവില്ല.

പോളണ്ടിലെവിടെയെങ്കിലും വെച്ചാണെങ്കിൽ, ഇത്തരക്കാരോട് പോളീഷിൽ സംസാരിക്കുക: “എന്റെ ഓർമ്മ ശരിയാണെങ്കിൽ നിങ്ങളുടെ അപ്പനെ ‘യാർമെലിനെറ്റ്സ്സി’ന് അകലെയല്ലാത്ത ഒരിടത്തു വെച്ച് പരിചയപ്പെട്ടിട്ടുണ്ട്. ‘പോട്ടോക്കി പ്രഭു’വിന്റെ വാടകക്കാരനായിരുന്നില്ലേ?”

ഇത് അത്രവലിയ ആക്ഷേപമല്ലെന്നു നിങ്ങൾ വാദിച്ചേക്കാം. പക്ഷേ ‘യാർമെലിനെറ്റ്സ്’ എന്നും ‘പോട്ടോക്കി പ്രഭു’ എന്നും കേൾക്കുമ്പോൾ എന്താവും ഒരാൾക്ക് മനസ്സിലാവുക? അതിനേക്കാൾ ഭേദം

വണ്ടിയിൽ ഉള്ള എല്ലാവരോടും സുന്ദരനായ ഈ ചെറുപ്പക്കാർ ഒരു ജൂതനാണെന്നു പറയുന്നതാവും. നേരിൽ കണ്ട ഒരു സംഭവം പറയാം – അപ്പോൾ മനസ്സിലാവും എന്താണു പറഞ്ഞുവരുന്നതെന്ന്.

ഒരിക്കൽ ഞാനൊരു എക്സ്പ്രസ്സ് ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. അതിൽ മൂന്നാം ക്ലാസ്സില്ല. അതുകൊണ്ട് രണ്ടാം ക്ലാസ്സിൽ കയറുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. എന്റെ എതിർവശത്ത് ഒരു ചെറുപ്പക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു. ജൂതനാണോ അല്ലയോ എന്ന് കൃത്യമായറിയില്ല. എന്നാലും ജൂതനാകാനാണ് സാധ്യത എന്നു തോന്നി. വളരെ സുന്ദരനായ യുവാവ്. ഭംഗിയായ വസ്ത്രധാരണം. വൃത്തിയായി താടിയും വടിച്ചിട്ടുണ്ട്. വെളുത്ത പാന്റ്സും കറുത്ത ബെൽറ്റും. വടിവൊത്ത ശരീരം. ഏതൊരു പെൺകുട്ടിയും കണ്ടാലൊന്നു നോക്കിപ്പോകും. ഒരു പഞ്ചാരക്കുട്ടൻ. ഞാൻ എന്താണി ങ്ങനെ പറഞ്ഞതെന്നോ? യാത്രയിലുടനീളം അവന്റെ പണി ഒരു പെൺകുട്ടിയെ രസിപ്പിക്കലായിരു ന്നു. ഒരു പ്രത്യേക തരത്തിൽ മുടികെട്ടി, ഫ്രെയിമില്ലാതെ മൂക്കിൽ പിടിപ്പിക്കാവുന്ന കണ്ണട ധരിച്ച ഒരു സുന്ദരി. തീവണ്ടിയിൽ വെച്ചു പരിചയപ്പെട്ടവരാണവർ. പെരുമാറ്റം കണ്ടാൽ പണ്ടേ കൂട്ടുകാരായിരു ന്നെന്നു തോന്നും. അവൾ അവന് ചോക്കലേറ്റ് കൊടുക്കുന്നു. പകരം അവൻ അർമേനിയക്കാരെക്കു റിച്ചും ജൂതന്മാരെക്കുറിച്ചുമൊക്കെ തമാശകൾ തട്ടിവിടുന്നു. രണ്ടുപേരും ഉരുണ്ടുവീണു ചിരിക്കുന്നു. ആവശേത്തോടെ ജൂതരെ പരിഹസിച്ചു കഥ പറയുമ്പോൾ അവരുടെ മുന്നിലിരിക്കുന്ന ഞാനൊരു ജൂതനാണെന്നും അത് എന്നെ ആക്ഷേപിക്കലാകുമെന്നുമുള്ള കാര്യം പരിഗണിക്കുക കൂടി ചെയ്തി ല്ല.

ചുരുക്കത്തിൽ ആ പ്രേമനാടകം എണ്ണയിട്ട ചക്രം പോലെ വളരെ മിനുസമായി ഉരുളുകയായിരു ന്നു. അധികം വൈകാതെ രണ്ടുപേരും ഒരേ സീറ്റിൽ ഇരിപ്പായി. (ആദ്യം അവർ എതിരെയുള്ള സീറ്റിലാ ണിരുന്നത്) അവളുടെ കണ്ണുകളുടെ ആഴങ്ങളിലേക്കവൻ ഇമവെട്ടാതെ നോക്കിയിരുന്നു. അവളാകട്ടെ അവന്റെ വാച്ചിൽ തട്ടിക്കളിച്ചുകൊണ്ടിരുന്നു. പെട്ടെന്നു ഒരു ചെറിയ സ്റ്റേഷനിൽ വെച്ച് – പേരു ഞാൻ മറന്നു – കവിളൊട്ടി, കണ്ണുകുഴിഞ്ഞ മുടന്തനായ ഒരാൾ കുടയും പിടിച്ചു കടന്നുവന്നു. അയാൾ കൈ രണ്ടും നീട്ടി കഥാനായകന്റെ അടുത്തേക്കു ചെന്നു. ശുദ്ധമായ ഇദ്ദിഷ് ഭാഷയിൽ ഉറക്കെ ചോദിച്ചു: “സുഖമാണോ മോനെ? ഞാൻ ജനലിലൂടെ നിന്നെ കണ്ടു. മെനാഷെയിലെ സെൽമാൻഅമ്മാവൻ നിന്നോട് അന്വേഷണം പറയാൻ പറഞ്ഞിട്ടുണ്ട്.”

പിന്നെയെന്തു സംഭവിച്ചുവെന്നു പറയേണ്ടല്ലോ. തീവണ്ടി സ്റ്റേഷൻ വിടുന്നതിനു മുമ്പ് സുന്ദര ക്കുട്ടൻ അപ്രത്യക്ഷനായി. പെൺകുട്ടി തനിച്ചുമായി. കഥ തീർന്നില്ല. അഞ്ചോ ആറോ സ്റ്റേഷൻ കഴി ഞ്ഞപ്പോൾ പെൺകുട്ടി സാധനങ്ങളെല്ലാം അടുക്കിവെച്ചു. തൊട്ടടുത്താണിരുന്നതെങ്കിലും അവളെന്നെ കണ്ടഭാവം നടിച്ചതേയില്ല. അങ്ങനെയൊരാൾ അവിടെ ഇല്ലേയില്ല എന്ന ഭാവമായിരുന്നു അവൾക്ക്. പക്ഷേ പ്ലാറ്റഫോമിൽ അവളെ വിളിക്കാനെത്തിയത് ആരെന്നറിയണോ? ആദിപിതാവായ അബ്രാഹാ മിനെപ്പോലെ നീണ്ട താടിയുള്ള ഒന്നാംതരമൊരു ജൂതൻ. അയാളുടെ കൂടെ വജ്രക്കമ്മലും വയ്പുമു ടിയും ധരിച്ച, തടിച്ചുകുറുകിയ ഒരു സ്ത്രീയുമുണ്ടായിരുന്നു. നിറകണ്ണോടെ ആ പെൺകുട്ടിയെ അവർ കെട്ടിപ്പിടിച്ചു. “റിവലേ, മോളെ റിവലേ.”

ഈ കഥയിലെ ഗുണപാഠം പറഞ്ഞുതരേണ്ടല്ലോ. രണ്ടാം ക്ലാസ്സിൽ യാത്ര ചെയ്താൽ കാണാ നിടയുള്ള ആളുകളെക്കുറിച്ചു മനസ്സിലാക്കിത്തരാനും ഇങ്ങനെയൊരബദ്ധം പറ്റരുതെന്നുപദേശിക്കാ നുമാണ് ഇത് പറഞ്ഞത്. രണ്ടാം ക്ലാസ്സിൽ യാത്ര ചെയ്യുമ്പോൾ നാം സ്വന്തം ആൾക്കാർക്കിടയിൽ ഒറ്റ പ്പെടുന്നതായി തോന്നും.

എന്നാൽ മൂന്നാം ക്ലാസ്സ് യാത്ര എത്ര രസകരമാണ്! ഏതാണ്ട് സ്വന്തം വീട്ടിനുള്ളിലെ അന്തരീക്ഷം. വലിയ സൗകര്യമൊന്നും കാണില്ലെന്നതും സത്യം. ഇരിക്കാൻ സ്ഥലം കിട്ടണമെങ്കിൽ വഴക്കും വക്കാ ണവും വേണ്ടി വരും. ചുറ്റും ഉന്തും തള്ളും ഒച്ചയും ബഹളവുമൊക്കെയുണ്ടാകും. നമ്മൾ എവിടെയെന്നോ, ചുറ്റുമുള്ളവർ ആരെന്നോ അറിയില്ല. പക്ഷേ അല്പനേരം കൊണ്ട് എല്ലാവരും പരിചയക്കാരാകും. നിങ്ങൾ ആരെന്നും എവിടെ പോകുന്നെന്നും എന്തിന് പോകുന്നെന്നുപോലും എല്ലാവർക്കും അറിയാ മായിരിക്കും. രാത്രി ഉറങ്ങാനും ബുദ്ധിമുട്ടേണ്ടതില്ല. ആരെങ്കിലും എപ്പോഴും സംസാരിക്കാനുണ്ടാകും. അഥവാ നിങ്ങൾക്ക് സംസാരിക്കേണ്ട എന്നു തോന്നിയാൽ മറ്റാരെങ്കിലും നിങ്ങളോടു സംസാരിച്ചു കൊള്ളും. എങ്ങനെ ആയാലും ഉറങ്ങാൻ കഴിയില്ല. ട്രെയിനിൽവെച്ചുതന്നെ ഉറങ്ങണമെന്നു നിർബന്ധം പിടിക്കേണ്ടതില്ലല്ലോ. മുഴുവൻ സമയവും എന്തെങ്കിലുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കും. ഒരു യാത്ര യ്ക്കിടയിൽത്തന്നെ എന്തൊക്കെ സംഭവിക്കാമെന്നോ? യാതൊരു മുൻപരിചയവുമില്ലാത്തവർ തമ്മിൽ പ്രധാനപ്പെട്ട കരാറുകളിൽ ഏർപ്പെട്ടേക്കാം. തങ്ങളുടെ കുട്ടികൾക്ക് വധൂവരന്മാരെ കണ്ടെത്തിയേക്കാം. ചിലർ ഒരിക്കലും പിരിയാത്ത ആത്മമിത്രങ്ങളാകുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഇങ്ങനെയൊന്നും സംഭ വിച്ചില്ലെങ്കിലും ജീവിതത്തിൽ എപ്പോഴെങ്കിലും പ്രയോജനപ്പെട്ടേക്കാവുന്ന ചിലത് പഠിക്കാനെങ്കിലും കഴിഞ്ഞേക്കും.

ഉദാഹരണമായി, ചിലപ്പോൾ സംഭാഷണം ഡോക്ടർ, ജലദോഷം, പല്ലുവേദന, ഞരമ്പുരോഗം, ചികിത്സ എന്നിവയെക്കുറിച്ചൊക്കെയാകും. വെറുതെ സമയം പാഴാക്കുകയാകുമെന്നാകും നിങ്ങൾക്കു തോന്നുക. എന്റെ ഒരു അനുഭവം പറയാം: ഒരിക്കൽ യാത്രാമദ്ധ്യേ ഞാൻ നാലഞ്ചുപേരെ പരിചയപ്പെട്ടു. സംസാരിച്ച് സംസാരിച്ച് ഡോക്ടർമാരെക്കുറിച്ചും മരുന്നിനെക്കുറിച്ചും മന്ത്രത്തെക്കുറിച്ചുമൊക്കെയായി ചർച്ച. അക്കാലത്ത് എനിക്ക് ഇടയ്ക്കിടെ വയറുവേദന ഉണ്ടാകാറുണ്ടായിരുന്നു. അന്നു ഞങ്ങളുടെ കൂടെ കാമെനെറ്റ്സിലെ ഒരു സെയിൽസ്മാനുണ്ടായിരുന്നു. അയാൾ ഒരു പൊടിയെക്കുറിച്ചു പറഞ്ഞു. അയാൾക്ക് അതു കൊടുത്തത് ഒരു ദന്തവൈദ്യനാണത്രെ. ആ മഞ്ഞപ്പൊടി ഒന്നാന്തരം ഒറ്റമൂലിയാണെന്നാണയാൾ പറഞ്ഞത്. ശരിക്കും പറഞ്ഞാൽ മഞ്ഞയായിരുന്നില്ല. മഞ്ഞക്കടലാസ്സിൽ പൊതിഞ്ഞിരുന്നതുകൊണ്ട് അങ്ങനെ തോന്നിയതാണ്.

സെയിൽസ്മാൻ അയാളുടെ ഭാര്യയെയും കുട്ടികളെയുമൊക്കെപ്പിടിച്ച് ആണയിട്ടു പറഞ്ഞു. അയാൾ ആരോഗ്യത്തോടെയിരിക്കുന്നത്, എന്തിന് ജീവനോടെ ഇരിക്കുന്നതുപോലും, ആ മഞ്ഞപ്പൊടിയുടെ മഹത്ത്വംകൊണ്ടാണെന്ന്. ആ പൊടിയില്ലായിരുന്നെങ്കിൽ അയാൾ എന്നേ പുഴുക്കളുടെ ആഹാരമായിത്തീരുമായിരുന്നുപോലും!

പൊടി അധികമൊന്നും വേണ്ടിവരില്ലെന്നും രണ്ടോ മൂന്നോ പൊതി മതിയാകുമെന്നും അയാൾ പറഞ്ഞു. അതു കഴിച്ചുകഴിഞ്ഞാൽ ഞാൻ ഒരു പുതിയ ഒരു മനുഷ്യനായിത്തീരുംപോലും. പിന്നെ ഡോക്ടറെ കാണേണ്ട കാര്യമേ ഉണ്ടാകില്ല. ദഹനക്കേടുമുണ്ടാകില്ല. ഈ ഡോക്ടർമാരെന്നു പറയുന്നവരൊക്കെ കള്ളന്മാരും പണം പിടുങ്ങാനിരിക്കുന്നവരുമൊക്കെയാണെന്നല്ലേ വയ്പ്. അവന്മാരോടു പോയി പണി നോക്കാൻ പറയാൻ കഴിയുമെന്നാണയാളുടെ അഭിപ്രായം.

“വേണമെങ്കിൽ രണ്ടോ മൂന്നോ പൊതി തരാം. ഒരുപക്ഷേ ജീവിതകാലം മുഴുവൻ നിങ്ങൾ എന്നെ സ്നേഹത്തോടെ ഓർക്കും” - ഇതും പറഞ്ഞ് അയാൾ എനിക്കു കുറെ പൊതികൾ തന്നു. വീട്ടിലെത്തിയതേ ഒരു പൊതി കഴിച്ചു. പിന്നെ രണ്ടാമത്തേതും. അല്പം കഴിഞ്ഞു മൂന്നാമത്തേതും കഴിച്ചു കിടന്നുറങ്ങി. പാതിരാത്രിയിൽ വേദനകൊണ്ടു ഞാനുണർന്നു. ജീവൻ പോകുന്നപോലെ തോന്നി. മരണം ഏതാണ്ടുറപ്പായി. വീട്ടുകാർ ആദ്യം ഒരു ഡോക്ടറെയും പിന്നെ വേറൊരു ഡോക്ടറെയും വരുത്തി. എല്ലാവരും കൂടി കഷ്ടിച്ച് എങ്ങനെയൊക്കെയോ എന്റെ ജീവൻ രക്ഷപ്പെടുത്തി.

ഒന്നു ഞാൻ പഠിച്ചു. മേലിൽ ഏതെങ്കിലും സെയിൽസ്മാൻ പൊതി തന്നിട്ട് എന്തിനും കൊള്ളാവുന്ന സിദ്ധൗഷധമാണെന്നു പറഞ്ഞാൽ അയാളോടു പോയി പണിനോക്കാൻ പറയാം. നോക്കൂ... ഏതറിവിനും ഒരു വിലയുണ്ട്. അതു നൽകിയേ തീരൂ.

മൂന്നാം ക്ലാസ്സിൽ യാത്ര ചെയ്യുമ്പോൾ പ്രഭാതപ്രാർത്ഥനയ്ക്കുള്ള പുസ്തകമോ വിരിപ്പോ കയ്യിലില്ലെന്നു കരുതുക. സങ്കടപ്പെടേണ്ടിവരില്ല ആരെങ്കിലും തരും. പ്രാർത്ഥന കഴിഞ്ഞു ബാഗിൽ ആഹാരമെന്തെങ്കിലും ഉണ്ടെങ്കിൽ അതെടുത്ത് എല്ലാവർക്കും കൊടുക്കുകയും ചെയ്യാം. വിസ്കിയാണെങ്കിൽ നല്ലത്. കേയ്ക്ക് ആയാലും സന്തോഷമായിരിക്കും. എല്ലാവരും മുട്ടയിലും തൽപരരാണ്. പിന്നെ കോഴിയോ മീനോ ഒക്കെ ഇഷ്ടമാണ്. ഇനി ഇതൊന്നുമില്ല, ഒരാപ്പിളോ ഓറഞ്ചോ ഉള്ളുവെങ്കിലും വിഷമിക്കേണ്ടതില്ല. അതും എല്ലാവരും സന്തോഷത്തെടെ കഴിക്കും. ആരും വേണ്ടെന്ന് പറയില്ല. യാത്ര ചെയ്യുമ്പോഴും സുഹൃത്തുക്കളുമൊത്തിരിക്കുമ്പോഴും വിശപ്പ് കൂടുതലായിരിക്കുമല്ലോ.

വിസ്കിയോ വൈനോ കൈയിലുണ്ടെങ്കിൽ അത് വീതിച്ചെടുക്കാൻ ഇഷ്ടംപോലെ ആളെ കിട്ടും. കഴിച്ചുകഴിഞ്ഞ് ഓരോരുത്തർക്കും അഭിപ്രായവും കാണും. ഒരാൾ പറയും, അത് ബെസാറേബ്യൻ മസ്ക്കറ്റാണെന്ന്. അടുത്തയാൾ പറയും, അത് ഏക്കർമാനിൽനിന്ന് ഇറക്കുമതി ചെയ്തതാണെന്ന്. മൂന്നാമൻ രണ്ടുപേരെ അടിച്ചുവീഴിക്കുംവിധം വിളിച്ച് കൂവും, “നിങ്ങളെന്താണീപ്പറയുന്നത്? ഏക്കർമാനോ മസ്ക്കറ്റോ ഒന്നുമല്ലിത്. തനി കൊവഷെനേർ ബോർഡോയാണ്.” അപ്പോഴായിരിക്കും അകലെയുള്ള മൂലയിൽ നിന്ന് ഒരുത്തൻ പ്രത്യക്ഷപ്പെടുക. എല്ലാം അറിയാമെന്ന ഒരു ചിരിയോടെ അയാൾ നിങ്ങളുടെ കൈയിൽനിന്ന് ഗ്ലാസ്സ് വാങ്ങും. ‘ഞാൻ പറയാം സുഹൃത്തുക്കളേ വൈനിനെപ്പറ്റി അഭിപ്രായം പറയാൻ എന്നെക്കാൾ യോഗ്യനായാരുണ്ട്? എന്ന ഭാവമാകും മുഖത്ത്. ഒന്നോ രണ്ടോ തവണ ഗ്ലാസ്സ് മുത്തിക്കഴിയുമ്പോഴേക്കും അയാളുടെ കവിൾ ചുവക്കും. വിവാഹവിരുന്നിനെത്തിയ അതിഥിയെപ്പോലെ അയാൾ പ്രഖ്യാപിക്കും: “സുഹൃത്തുക്കളേ, ഇതെന്താണെന്നറിയണോ? നിങ്ങൾക്കറിയില്ലെന്നെനിക്കറിയാം. എനിക്കു യാതൊരു സംശയവുമില്ല. ഇത് പരിശുദ്ധവും നിർമ്മലവുമായ വീട്ടിലുണ്ടാക്കിയ ബെർജിച്ചേവ് പോർട്ട് വൈനാണ്.”’

എല്ലാവരും അയാൾ പറയുന്നതിനോട് യോജിക്കും: “ഇത് ബെർജിച്ചേവ് പോർട്ട് തന്നെ. നമ്മുടെയൊക്കെ നിലവറയിൽ സൂക്ഷിച്ചിരിക്കുന്ന അതേ സാധനം.” എല്ലാവരും അതു വീണ്ടും രുചിച്ചു നോക്കും. അല്പം കഴിയുമ്പോൾ നാവു കുഴഞ്ഞുതുടങ്ങും. എല്ലാവരും വാചാലരാകും. അവനവനെ

ക്കുറിച്ച് പറഞ്ഞു തുടങ്ങും. തമാശ പറഞ്ഞു ചിരിക്കും. പരസ്പരം കഥ പറഞ്ഞു രസിക്കും. ഏറ്റവും അടുത്ത കൂട്ടുകാരെപ്പോലെ, വർഷങ്ങളായി സുഹൃദ്ബന്ധമുള്ളവരെപ്പോലെ പെരുമാറും. എത്ര സുന്ദരമായ ഒരനുഭവമാണെന്നോ!

'ഫ്രാങ്ക്ഫർട്ട് ഹോട്ടലി'ൽ പോയാൽ മതിയെന്നും ആ സ്ഥലം നല്ലതാണെന്നും വൃത്തിയുള്ളതാണെന്നും വേണ്ട സൗകര്യമെല്ലാമുണ്ടെന്നും ചാർജ്ജ് കൂടുതലില്ലെന്നും ഒരാൾ പറയും. ഉടനെ അടുത്തയാൾ ചോദിക്കും: "ഫ്രാങ്ക്ഫർട്ടോ? ഒരു കാരണവശാലും അങ്ങോട്ടു പോകരുത്. ഇരുട്ടിൽ മുങ്ങിയ തണുത്ത കുടുസ്സുമുറികളാണവിടെ. കൂടാതെ കൊള്ളവാടകയും. സുഖമായി താമസിക്കണമെന്നുണ്ടെങ്കിൽ 'ഹോട്ടൽ ന്യൂയോർക്കി'ൽ പോകുന്നതാണ് നല്ലത്." അപ്പോഴേക്കും വേറൊരാൾ ഇടയ്ക്കു കയറും: "ഇയാൾക്കു മൂട്ട കടി കൊള്ളാതെ ഉറക്കം വരില്ലെങ്കിൽ അങ്ങോട്ടുതന്നെ പോകണം. ഇവർ പറയുന്നതൊന്നും കേൾക്കരുത്. ഫ്രാങ്ക്ഫർട്ടും ന്യൂയോർക്കും എല്ലാം കണക്കുതന്നെ. എന്റെ കൂടെ വരൂ. ഞാൻ പെട്ടിയെടുക്കാം. നഗരത്തിലെ ഒന്നാന്തരം ഹോട്ടലിൽ കൊണ്ടുപോകാം. 'റോസിയ' – അവിടെയാണ് നല്ല അസ്സലു ജൂതന്മാർ പോകാറ്."

പെട്ടി അയാളെ ഏൽപ്പിക്കുന്നതു സൂക്ഷിച്ചുവേണം. അതു പിന്നീടൊരിക്കലും കണ്ടില്ലെന്നു വരാം. മറ്റൊരു കാര്യം. എവിടെയാണു നമ്മളെയാരും കൊള്ളയടിക്കില്ലെന്ന വിശ്വാസത്തോടെ നടക്കാൻ കഴിയുന്നത്? കൊള്ളയടിക്കപ്പെടുന്നതും കൊള്ളയടിക്കപ്പെടാതിരിക്കുന്നതുമെല്ലാം വിധിയാണ്. നിങ്ങളുടെ സാധനങ്ങൾ പോക്കറ്റടിക്കപ്പെടണമെന്നാണ് വിധിയെങ്കിൽ നട്ടുച്ചയ്ക്കു നഗരമധ്യത്തിലുള്ള പൊതുനിരത്തിലും അത് സംഭവിക്കും. പോലീസിനോ കാവൽഭടനോ ഒന്നും ചെയ്യാനില്ല. പ്രാർത്ഥിച്ചതുകൊണ്ടും സംഭവിക്കാനുള്ളതിനു മാറ്റമൊന്നും ഉണ്ടാകില്ല. ജീവൻ തിരിച്ചുകിട്ടിയാൽ ഭാഗ്യമായി കരുതുക.

മൂന്നാംക്ലാസ്സ് യാത്ര ഇങ്ങനെയൊക്കെ സംഭവബഹുലമായിരിക്കും. അതുകൊണ്ട് പ്രായോഗിക ബുദ്ധിയുള്ള ഈ നല്ല സുഹൃത്തിന്റെ, നാടാകെ യാത്ര ചെയ്തലയുന്ന ഈ കച്ചവടക്കാരന്റെ, വാക്കുകൾ ഓർക്കുക. യാത്ര എപ്പോഴും മൂന്നാം ക്ലാസ്സിൽത്തന്നെയാകട്ടെ.

അപ്പോൾ... പറഞ്ഞതുപോലെ...